




## ഹൈവേ കൊള്ളസംഘത്തലവൻ “പട്ടാളം വിപിൻ “ അറസ്റ്റിൽ

ബാംഗ്ലൂർ – കൊച്ചിൻ ദേശീയ പാത , ചെന്നൈയിൽ നിന്നും കേരളത്തിലേക്ക് വരുന്ന തീവണ്ടികൾ എന്നിവ കേന്ദ്രീകരിച്ച് സ്വർണ്ണ വ്യാപാരികൾ, കുഴൽപ്പണം കടത്തുകാർ എന്നിവരെ പോലീസാണെന്ന് ചമഞ്ഞ് ബസ്സിൽ നിന്നും, ട്രെയിനിൽ നിന്നും ഇറക്കി സ്വകാര്യ വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോയി മുതലുകൾ കൊള്ളയടിക്കുന്ന വൻ സംഘത്തിന്റെ തലവനും സൂത്രധാരനുമായ തൃശ്ശൂർ, അരിമ്പൂർ, വെളുത്തൂർ, കാഞ്ഞിരത്തിങ്കൽ വീട്ടിൽ വിപിൻ എന്ന പട്ടാളം വിപിൻ വ ഃ 23, നെയാണ് വാളയാർ SI. S. അൻഷാദിന്റെ നേതൃത്വത്തിൽ തൃശ്ശൂർ, വെളുത്തൂരിൽ നിന്നും കസ്റ്റഡിയിലെടുത്തത്. കൊള്ള സംഘത്തിലെ നാലുപേരെ കഴിഞ്ഞയാഴ്ച വാളയാർ പോലീസും, ജില്ലാ ക്രൈം സ്ക്വാഡും ചേർന്ന് പിടികൂടിയിരിന്നു. കൂട്ടാളികൾ പിടിയിലായതറിഞ്ഞ് ഒളിവിൽ പോയ വിപിൻ പല സ്ഥലങ്ങളിലായി മാറി മാറി താമസിച്ചു വരികയായിരുന്നു. സുജീഷ് , സുലൈമാൻ, ബിജു, സുരേന്ദ്രൻ എന്നിവരെയാണ് നേരത്തെ അറസ്റ്റു ചെയ്തത്




പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPSന്റെ നിർദ്ദേശത്തെത്തുടർന്ന് പാലക്കാട് DySP. G.D. വിജയകുമാർ, നർകോട്ടിക് സെൽ DySP. ഷംസുദ്ദീൻ എന്നിവരുടെ മേൽ നോട്ടത്തിൽ വാളയാർ SI. S. അൻഷാദ്, സ്പെഷ്യൽ ബ്രാഞ്ച് ASI .P. മധുസൂദനൻ, ജില്ലാ ക്രൈം സ്ക്വാഡ് അംഗങ്ങളായ S.I. S.ജലീൽ, V. ജയകുമാർ, C.S. സാജിദ്, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, S. N. ഷനോസ്, R. രാജീദ്, S.ഷമീർ, വാളയാർ പോലീസ് സ്റ്റേഷനിലെ SCPO S. ഷാജഹാൻ, സുരേഷ് ബാബു, CPO മാരായ വിനോദ്, അഫ്സൽ, ശ്രീജിത്ത്, രമേശ്, സൈബർസെൽ ഉദ്യോഗസ്ഥൻ ഗോവിന്ദനുണ്ണി എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തി പ്രതികളെ അറസ്റ്റു ചെയ്തത്.